"ഭരണഭാഷ – മാതൃഭാഷ"

(കേരളസംസ്ഥാനം)

വ്യാവസായിക പരിശീലന വകുപ്പ്

ട്രെയിനിംഗ് ഡയറക്ടറേറ്റ്,

തൊഴിൽ ഭവൻ, തിരുവനന്തപുരം:33,

ഫോൺ : 0471-2303856, ഇമെയിൽ :cru.dttvpm@kerala.gov.in

---

ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം

(നിലവിൽ: സുഫിയാൻ അഹമദ്, ഐ എ എസ്)

---

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- ഗവ ഐ ടി ഐ ധനുവച്ചപുരത്തെ ജൂനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.അനുരാഗ് പി കെ യെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്ത് - ഉത്തരവാകുന്നു.

പരാമർശം:-
1. ശ്രീ.അഖിൽ സി വി, എസ് എഫ് ഐ യൂണിറ്റ് സെക്രട്ടറി മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നൽകിയ 24/11/25 ലെ പരാതി
2. ശ്രീ.വിനീത് W ബഹു മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ മുഖേന സമർപ്പിച്ച 26/11/25 ലെ പരാതി
3. ശ്രീ.ഷിജിൻ എസ് എസ് ബഹു മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ മുഖേന സമർപ്പിച്ച 27/11/25 ലെ പരാതി
4. ആമി, ഹരിപ്രിയ എന്ന ട്രെയിനികൾ ബഹു മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ മുഖേന സമർപ്പിച്ച 27/11/25 ലെ പരാതി
5. 07/01/26 ലെ അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ് നമ്പർ: DT/6125/2025-VC തീയതി: 09-03-2026**

ധനുവച്ചപുരം ഗവ ഐ ടി ഐ യിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സേവനം അനുഷ്ഠിച്ചു വരുന്ന ശ്രീ.അനുരാഗ് പി കെ ക്കെതിരെ ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ മുഖേന വളരെ ഗുരുതരങ്ങളായ പരാതികൾ ലഭിക്കുകയും ആയതിൻപ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും പരാമർശം 5 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു. വിദ്യാർഥികൾ നൽകിയ പരാതിയും പ്രാഥമിക അന്വേഷണറിപ്പോർട്ടും പ്രകാരം ചുവടെ പറയുന്ന കുറ്റാരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

- സ്ഥാപനത്തിലെ ട്രെയിനികൾക്ക് ലഹരി മരുന്ന് ഉപയോഗിക്കുന്നതിന് പ്രേരിപ്പിക്കുകയും ബന്ധപ്പെട്ട വീഡിയോ കാണിക്കുകയും ലഹരി ഉപയോഗം പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ സംസാരിക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട് വകുപ്പിൽ പരാതി ലഭിച്ചിരുന്നു. പ്രസ്തുത പരാതിയ്ക്ക് അനുകൂലമായി മൊഴി നൽകിയതിനെ തുടർന്ന് മൊഴി നൽകിയ ട്രെയിനികളെ മാനസികമായി തളർത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്തിട്ടുള്ളതായും കൂടാതെ ടിയാളുടെ പ്രതികാര നടപടികൾ മൂലം ഒരു ട്രെയിനി ജീവനൊടുക്കും എന്നും രേഖാമൂലം മൊഴി നൽകുകയും ചെയ്തിട്ടുണ്ട്.

- അന്വേഷണത്തിൽ സഹകരിച്ച വിദ്യാർത്ഥികൾക്ക് എതിരെ പ്രതികാരപരമായ സമീപനം സ്വീകരിക്കുകയും ഭീഷണിപ്പെടുത്തുകയും കോടതിയിൽ വച്ച് കാണാമെന്ന് വെല്ലുവിളിക്കുകയും ചെയ്തു.
- അഡ്മിഷൻ സമയത്ത് ക്യാമ്പസിനെയും നിലവിൽ പഠിക്കുന്ന വിദ്യാർത്ഥികളെയും അപകീർത്തിപ്പെടുത്തുന്ന രീതിയിൽ വ്യാജപ്രചരണം നടത്തുകയും **Help Desk**ൽ ഇരിക്കുന്ന പെൺകുട്ടികൾ അടങ്ങുന്ന ട്രെയിനീസിന്റെ ഫോട്ടോ എടുക്കുകയും ഇത് ചോദ്യം ചെയ്ത യൂണിറ്റ് ഭാരവാഹികളെയും അംഗങ്ങളെയും അസഭ്യം പറയുകയും കള്ളക്കേസ് കൊടുക്കുമെന്ന് ഭീഷണിപ്പെടുത്തുകയും സ്ത്രീത്വത്തെ അപമാനിക്കുകയും ചെയ്തുവെന്ന് മൊഴി ലഭിച്ചിട്ടുള്ളത് ഗൗരവകരമായി കാണുന്നു.
- ട്രെയിനികളോട് പ്രതികാര മനോഭാവത്തിൽ പെരുമാറിയതു കൊണ്ട് ഹാജർ നൽകാതിരിക്കുക ,ഹാജർ കുറവുള്ളതും പഠനത്തിൽ പിന്നോക്കം നിൽക്കുന്നതുമായ ട്രെയിനികൾക്ക് ശനിയാഴ്ച ദിവസങ്ങളിൽ ഷോപ്പ് ഫ്ലോർ ട്രെയിനിങ് നൽകാതിരിക്കുക, ശനിയാഴ്ച ദിവസങ്ങളിൽ സ്ഥിരമായി ഐ ടി ഐ യിൽ വരാതിരിക്കുക, ജീവനക്കാരെ വിവരാവകാശങ്ങൾ കൊണ്ട് ഭീഷണിപ്പെടുത്തുക എന്നീ ആരോപണങ്ങൾ അതീവ ഗുരുതര സ്വഭാവമുള്ളതായി കാണുന്നു.
- മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ സമർപ്പിച്ച നിരവധി പരാതികളിൽ നടത്തിയ സമഗ്രമായ അന്വേഷണ റിപ്പോർട്ട് ടി യാളുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകൾ വിശദമായി വ്യക്തമാക്കുന്നു. ടിയാൻ പരിശീലനം നൽകുന്ന വയർമാൻ സീനിയർ സി ബാച്ചിലെ ട്രെയിനികളോടും, ടി സ്ഥാപനത്തിലെ മറ്റ് ട്രെയിനികളോടും സംഘടനാപ്രവർത്തനം നടത്തുന്ന ട്രെയിനികളോടും സൗഹൃദപരവും ആരോഗ്യകരവുമായ ബന്ധം നിലനിർത്തുന്നതിൽ പരാജയപ്പെട്ടതായി കാണുന്നു. കൂടാതെ അന്വേഷണ കമ്മീഷനെ ഭീഷണിപ്പെടുത്തുന്ന രീതിയിലാണ് ടിയാൻ പ്രതികരിച്ചതെന്നും കമ്മീഷനിൽ ഉൾപ്പെട്ട പഴയ എസ്ടാബ്ലിഷ്മെന്റ് സീനിയർ സൂപ്രണ്ട് എഴുതിയ ഒരു നോട്ട് ഫയൽ വിവരാവകാശം മുഖേന എടുത്തത് മേശപ്പുറത്ത് ശക്തിയായി അടിച്ചതിനു ശേഷം കോടതി കയറ്റുമെന്ന് മൊഴിയെടുപ്പിനിടെ ഭീഷണിപ്പെടുത്തുകയുണ്ടായെന്നും റിപ്പോർട്ടിൽ ചൂണ്ടി കാട്ടിയിട്ടുണ്ട്.

ടിയാനെ തുടർന്നും ഈ സ്ഥാപനത്തിൽ നിലനിർത്തുന്നത് വയർമാൻ സീ ബാച്ചിലെ ട്രെയിനികൾക്ക് ഭൂരിഭാഗം പേർക്കും മാനസിക സംഘർഷത്തിന് ഇടയാക്കുന്നു എന്ന് ട്രെയിനികൾ തന്ന മൊഴിയിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ഒരു അദ്ധ്യാപകനിൽ നിന്നും പ്രതീക്ഷിക്കുന്ന മാന്യതയോടെ അല്ല ടി യാളുടെ പെരുമാറ്റം എന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു.

അന്വേഷണ കമ്മീഷൻ ഈ വിഷയങ്ങളെ കുറിച്ച് ചോദിച്ചപ്പോൾ ടിയാൻ വസ്തുതകൾ നിഷേധിക്കുകയുണ്ടായില്ല, എന്ന് മാത്രമല്ല നിയമത്തിന്റെ സങ്കീർണതകൾ ഉപയോഗിച്ചു ആരോപണങ്ങൾ നിലനിൽക്കില്ല എന്ന് സമർത്ഥിക്കാൻ ആണ് ശ്രമിച്ചത് എന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം എന്ന ആഗ്രഹം ടി യാൾക്കു ഇല്ല എന്നാണ് ഇത്തരം സമീപനം വ്യക്തമാക്കുന്നത്. മാത്രവുമല്ല അതിന്റെ ഫലമായി ഇത്തരം പ്രശ്നങ്ങൾ ഭാവിയിൽ ആവർത്തിക്കാൻ സാധ്യതയേറുന്നു എന്നത് പരിഗണിച്ചും സ്ഥാപനത്തിൻറെ സുഗമമായ പ്രവർത്തനം ഉറപ്പു വരുത്തുന്നതിനും ,കുട്ടികൾക്ക് സംഘർഷ രഹിതമായ അന്തരീക്ഷത്തിൽ പരിശീലനം ഉറപ്പു വരുത്തുന്നതിനുമായി, മേൽ പറഞ്ഞ കണ്ടെത്തലുകളുടെ

അടിസ്ഥാനത്തിൽ ശ്രീ.അനുരാഗ് പി കെ ക്കെതിരെ വിശദമായ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നും ഇദ്ദേഹം സർവീസിൽ തുടരുന്നത് അന്വേഷണത്തെ സ്വാധീനിക്കുമെന്നും ബോധ്യപ്പെട്ടിട്ടുള്ളതിനാൽ **1960** ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കൽ, നിയന്ത്രണം, അപ്പീൽ) ചട്ടങ്ങളിലെ ചട്ടം **10 (1)** പ്രകാരം ധനുവച്ചപുരം ഐ ടി ഐ യിലെ ജൂനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.അനുരാഗ് പി കെ യെ ഈ ഉത്തരവ് തിയതി മുതൽ പ്രാബല്യത്തിൽ സർവീസിൽ നിന്നും സസ്‌പെൻഡ് ചെയ്തു ഇതിനാൽ ഉത്തരവാകുന്നു.

സസ്പെന്ഷൻ കാലയളവിൽ കേരള സർവീസ് റൂൾസ് **(KSR )** ഭാഗം **1,** ചട്ടം **55** പ്രകാരമുള്ള ജീവനപ്പടിക്ക് **(Subsistance Allowance)** ടിയാൻ അർഹനായിരിക്കും. മറ്റു സ്വകാര്യ തൊഴിലുകളിൽ ഏർപ്പെടുന്നില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറക്ക് മാത്രം ഓരോ മാസത്തെയും ജീവനപ്പടി അനുവദിക്കാവുന്നതാണ്.

Digitally signed by
Sufiyan Ahmed
Date: 09-03-2026
18:55:49

ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ് : ശ്രീ. അനുരാഗ് പി കെ , ജൂനിയർ ഇൻസ്ട്രക്ടർ , ഗവ ഐ ടി ഐ ധനുവച്ചപുരം (ഉചിത മാർഗ്ഗേണ )

പകർപ്പ്:

1. പ്രിൻസിപ്പാൾ , ഐ ടി ഐ ധനുവച്ചപുരം
2. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി